
നവംബർ 2021
വാല്യം 1 ലക്കം 4

# Vox Sant' Andrea

(വി.അന്ത്രയോസിന്റെ ശബ്ദം)



Parish Bulletin Magazine St. Andrew's Basilica, Arthunkal




Congratulations on your first

# Holy Communion

May the blessings of Christ be upon you always Dear

MARTIN

# ഫസാന

## ട്രേഡേഴ്സ്

**ചെട്ടികാട് പമ്പ് ഹൗസിന് വടക്കുവശം**

വിവിധയിനം വലകൾ (കീറ്റുവല, അയിലവല, ചാളവല, മാന്തൽ വല, ആകോലി വല, ...) വെയിറ്റുകൾ, നെറ്റുകൾ, കാർക്ക്, വയർ, റോപ്പ്, ഇളപ്പ്, ടിംലൈറ്റ്, ഹെഡ് ലൈറ്റ്, ബാറ്ററി, വള്ളത്തിനാവശ്യമായ ഓയിൽ, പ്ലാസ്റ്റിക്ക് ഐറ്റംസ്, മുതലായവ മിതമായ നിരക്കിൽ, ലഭിക്കുന്ന സ്ഥാപനം...

**ഫോൺ 9961546348,9995659248,9207095864**




"അർത്തുങ്കൽ വാഴും
വിശുദ്ധ സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി
പ്രാർത്ഥിക്കേണമേ"


അരേശ്ശേരിൽ
ട്രേഡേഴ്സ്
XVII/434B, Reethalayam,Near Chennavelly Bridge Arthunkal P.O
Cherthala, Alappuzha Dist-Kerala Pin-688530
Email: aresseriltradersakl@gmail.com
Call Now : 9061 357 033, 0478-2967033

# അരശ്ശേരിൽ

**പെയ്ന്റ്സ്, സാനിട്ടറീസ് ആൻഡ് ഹാർഡ് വെയേഴ്സ്**

ITC ജംഗ്ഷൻ, അർത്തുങ്കൽ

Office 0478 2081002, Mob: 8089 840 802, 8590 280 802

CIN: U2609KL2020 PTC 062871, GSTIN: 3IAATCA674U27Z




# Ponnat

## Sanitary Wares

Arthunkal ,
Near St Sebastian’s
Visitation Hospital

**Phone : 8592806762**

# PONNAT ELECTRICALS
## Arthunkal

Wiring Materials

Lights & Fittings





**Mobile : 9 0 3 7 3 3 0 2 8 0**



# KC
## കാറ്ററിങ്ങ്സ്

ഫോൺ 9287597293

ബിനു ക്ലമന്റ് കുടിയാംശ്ശേരിൽ

അർത്തുങ്കൽ അടിയന്തിരങ്ങൾക്കാവശ്യമായ ഭക്ഷണ പദാർത്ഥങ്ങൾ (ബിരിയാണി,മീൻ കറി ഊണ്, വെ ജി: ഊണ്, ചപ്പാത്തി, പൊറോട്ട, ഇടിയപ്പം, അപ്പം, മുതലായവ നിങ്ങളുടെ അഭിരുചിക്കനുസരിച്ച് വീടുകളിൽ എത്തിച്ച് നൽകുന്നു. )



# REX ENGLISH

RIGHT IN FRONT OF ARTHUNKAL BASILICA

# IELTS

COACHING CENTRE

@

ARTHUNKAL

## CRASH BATCH REGULAR BATCH

CLASSES HANDLED BY EXPERIENCED TRAINER

+919061725290

INFRONT OF ARTHUNAL BASSILICA,
CHERTHALA, ALAPPUZHA

rexinternational777@gmail.com



# VOX SANT' ANDREA

(വി.അന്ത്രയോസിന്റെ ശബ്ദം)


## എഡിറ്റോറിയൽ ബോർഡ്

**രക്ഷാധികാരി**

ഫാ. സ്റ്റീഫൻ ജെ പുന്നക്കൽ

**ചീഫ് എഡിറ്റർ**

ഫാ. സൈറസ് തോമസ് കാട്ടുങ്കൽതയ്യിൽ

**എക്സിക്യൂട്ടീവ് എഡിറ്റർ**

ലിസ്സി ജോസ്‌ലിൻ

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

ദാസ് വാലയിൽ
അലോഷ്യസ് ജോസഫ് അരേശ്ശേരിൽ
സെബാസ്റ്റ്യൻ കെ. ഡബ്ല്യൂ.
സൂസി കെ. ബി.
സീന പി. ജെ.

**എഡിറ്റോറിയൽ കോപ്പറേറ്റേഴ്സ്**

ജോസി സ്റ്റീഫൻ
ആന്റണി അമ്മർ
ജോയ് സി. ഡി.
അശ്വിൻ ജി. പ്രകാശ്
ഷാന്റി എ. ജെ.
സെബാസ്റ്റ്യൻ കെ. പി.
അനറ്റ് സെബാസ്റ്റ്യൻ
സൺഫിയമോൾ കെ. എസ്.
ജെസ്‌വിൻ വിനോദ്

**ലേ ഔട്ട് & ഡിസൈൻ**

നെവിൽ ആന്റണി മാരാരിക്കുളം



**Parish Bulletin Magazine**

**St. Andrew's Basilica, Arthunkal,**
Arthunkal P.O., Cherthala,
Alappuzha - 688530
Kerala. Ph: 9400152374
E-mail: arthunkalbasilica2010@gmail.com
Youtube: Arthunkal Basilica
www.arthunkalbasilica.com

# ഉള്ളടക്കം




04

**സ്ത്രീധന നിയമത്തിന്റെ ആനു കാലിക പ്രസക്തി**
*അഡ്വ. സി.ജാനറ്റ്*



06

**ഫോക്കസ്**
*ബിലാൽ കുരിശിങ്കൽ*



08

**മാഡം മേരിക്യൂറി**
*ലിസ്സി ജോസ് ലിൻ, കോയിൽപ്പറമ്പിൽ*



10

**വിശുദ്ധ യൗസേപ്പിതാവ്**
*ജോസഫ്,പുളിക്കൻ*



12

**വിശുദ്ധ അന്ത്രയോസ്**
*ഡോമെറ്റിൽഡ മേരി*



14

**മരണം**
*ആൽബർട്ട് അച്ചൻ*




16

**ആത്മാവിന്റെ അടിക്കുറിപ്പുകൾ**
*അലക്സ് അലോഷ്യസ് ചുള്ളിയ്ക്കൽ*



17

**സൃഷ്ടികൾ**

# എഡിറ്റോറിയൽ



രംഗബോധമില്ലാത്ത കോമാളിയാണ് മരണം എന്നൊക്കെ നമ്മൾ വായിച്ചറിഞ്ഞിട്ടുണ്ട്. മരണം എന്ന യാഥാർത്ഥ്യം സുനിശ്ചിതമായ കാര്യമാണെങ്കിലും എപ്പോൾ സംഭവിക്കും എന്നതിലെ അനിശ്ചിതത്വം വല്ലാത്തൊരു ഭയം നമ്മിൽ രൂപപ്പെടുത്താറുണ്ട്. ജീവിതത്തിൽ സിനിമയിൽ അല്ലാതെ നേരിട്ട് മരണം കണ്ടുനിന്നവർ ഉണ്ടെങ്കിൽ അറിയാൻ സാധിക്കും...ജീവിതത്തിനിടയിലും മരണത്തിനിടയിലുമുള്ള അനർഘനിമിഷങ്ങൾ വിഭ്രാന്തിയും നിശബ്ദതയുമൊക്കെ ചേർന്നതായിരിക്കും. മരണം സുനിശ്ചിതവും ജീവിതം അനിശ്ചിതവുമായ ഒരു നിസ്സഹായതയുടെ അവസ്ഥ.  എത്ര ഉന്നതനായാലും താഴ്ന്നവനായാലും മരണം എന്ന യാഥാർത്ഥ്യത്തിന്റെ മുന്നിൽ നമ്മൾ എല്ലാവരും നിസ്സഹായരാണ്.

നവംബർ മാസം മരിച്ച വിശ്വാസികൾക്കായി പ്രത്യേകം പ്രാർത്ഥിക്കുന്ന ഒരു മാസമാണ്. ഈ പ്രാർത്ഥനകൾ സത്യത്തിൽ ഒരു വലിയ പ്രത്യാശയുടെ അടയാളമാണ്. മരണത്തിന്റെ മുന്നിൽ നമ്മൾ നിസ്സഹായരാണെങ്കിലും ദൈവസന്നിധിയിലേയ്ക്കുള്ള ഒരു പ്രവേശനം കൂടിയാണത്. സാധാരണ രീതിയിൽ മരിച്ച വിശ്വാസികൾക്കുവേണ്ടിയുള്ള പ്രാർത്ഥനയും ശുദ്ധീകരണസ്ഥലവുമൊക്കെ ആദ്യം സൂചിപ്പിച്ചതു പോലെ ഭയമാണ് നമ്മിൽ ജനിപ്പിക്കുന്നത്. പക്ഷെ ദൈവത്തിന് ഇവയൊക്കെ എന്താണെന്നുള്ളത് നമ്മൾ ചിന്തിക്കുന്നത് നല്ലതാണ്. ദൈവത്തിന് ഇവയൊക്കെ മനുഷ്യനോട് കരുണ കാണിക്കുവാനുള്ള അവസരങ്ങളാണ്.

ജീവിതകാലത്തു അനുതപിച്ചു ദൈവത്തിന്റെ പാതയിൽ നടക്കുവാനാണ് നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നത്. പക്ഷെ, അങ്ങനെയൊക്കെ നമ്മിൽ എത്രപേർ ചെയ്യുന്നുണ്ട്. ഇവിടെയാണ് ദൈവത്തിന്റെ മനസ്സു കാണേണ്ടത്. പാപത്തിൽ നമ്മെ നഷ്ടപ്പെടുത്തുവാൻ ദൈവം തയ്യാറല്ല. അവിടുന്ന് വീണ്ടും സാദ്ധ്യതകൾ മനുഷ്യനായി തുറക്കുന്നു. മറ്റുള്ളവരുടെ പ്രാർത്ഥനകൾ സ്വീകരിച്ചു പാപപ്പൊറുതി നൽകി കരുണ കാണിക്കുന്നു. ദൈവം നൽകുന്ന ഈ അവസരത്തെയാണ് ശുദ്ധീകരണസ്ഥലമെന്നു വിളിക്കുന്നത്; അതു ഭയക്കേണ്ട ഒന്നല്ല. ഈ നവംബർ മാസം സ്വയം അനുതപിക്കുന്നതോടൊപ്പം നമ്മിൽ നിന്നും വേർപെട്ടവർക്കായും നമുക്കു പ്രാർത്ഥിക്കാം.

സൈറസ് തോമസ് കാട്ടുങ്കൽതയ്യിൽ
(ചീഫ് എഡിറ്റർ)



# സ്ത്രീധന നിയമത്തിന്റെ ആനുകാലിക പ്രസക്തി

അഡ്വ സി. ജാനറ്റ് കെ.വി. (എസ്. വി. സി)

ഇന്ത്യയിൽ ആദ്യമായി സ്ത്രീധന നിരോധന നിയമം കേന്ദ്രഗവൺമെന്റ് പാസാക്കിയത് 1961 ൽ ആണ്. എന്നാൽ കാലോചിതമായി 1984 ൽ വീണ്ടും മാറ്റം വരുത്തുകയും അത് 1985 ഒക്ടോബർ 2 ന് നിലവിൽ വരികയും ചെയ്തു. സെക്ഷൻ 12 പ്രധാനമായും എന്താണ് സ്ത്രീധനം എന്നതിനെക്കുറിച്ച് വിവരിക്കുന്നു. മാതാപിതാക്കൾ തങ്ങളുടെ മകൾക്ക് വിവാഹത്തോടു ബന്ധപ്പെടുത്തി കൊടുക്കുന്ന ഏതു തരം സമ്പത്തിനെയും സ്ത്രീധനമായി കണക്കാക്കുന്നു. എന്നാൽ സെക്ഷൻ 3 ൽ സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതും ഒരേ പോലെ തെറ്റാണ് എന്ന് പറയുന്നു.

## സ്ത്രീധന സമ്പ്രദായം എങ്ങനെ ഉണ്ടായി ?

ഹൈന്ദവാചാരപ്രകാരം കന്യാദാനം എന്നൊരു ചടങ്ങ് ഉണ്ടായിരുന്നു. ഈ സമയം പിതാവ് തന്റെ കന്യകയായ മകളെ സംരക്ഷണത്തിനായ് പുരുഷനെ ഏൽപ്പിക്കുമ്പോൾ അദ്ദേഹത്തിന് ഒരു സമ്മാനവും കൊടുത്തിരുന്നു. ഇത് കാലാന്തരത്തിൽ സ്ത്രീധനമായി രൂപപ്പെട്ടു. കേരളത്തിൽ96.2% സാക്ഷരത ഉണ്ട് എന്ന് പറയുമ്പോഴും നിയമങ്ങളെ നോക്കുകുത്തിയാക്കി സ്ത്രീധന പീഢനങ്ങളും കൊലപാതകങ്ങളും നടക്കുകയും ധാരാളം കേസുകൾ തെളിയിക്കപ്പെടാതെ പോവുകയും ചെയ്യുന്നു. ഉത്രാ വധക്കേസിന്റെ വിധിയുണ്ടായിരിക്കുന്ന സാഹചര്യത്തിൽ ഈ ലേഖനത്തിന് പ്രസക്തിയേറുന്നു.

## സ്ത്രീധനം സമൂഹത്തിൽ ഉണ്ടാക്കുന്ന സ്വാധീനം

സ്ത്രീധനം സ്ത്രീയും പുരുഷനും തമ്മിലുള്ള അന്തരം വർദ്ധിപ്പിക്കുന്നു. പെൺകുട്ടിക്ക് ആവശ്യമായ വിദ്യാഭ്യാസം കിട്ടാതിരിക്കാനും, സ്ത്രീധനം കുറച്ചുമതി എന്നു പറഞ്ഞുകൊണ്ട് ആരുവന്നാലും വിദ്യാഭ്യാസമോ പ്രായമോ മറ്റു ജീവിത സാഹചര്യങ്ങളോ നോക്കാതെ മകളെ അവർക്ക് വിവാഹം കഴിപ്പിച്ചുകൊടുത്ത് തങ്ങളുടെ ബാധ്യത തീർക്കാൻ കഷ്ടപ്പെടുന്ന മാതാപിതാക്കളുടെ എണ്ണം വളരെയധികം വർദ്ധിച്ചിരിക്കുന്നു. ആരും അവളുടെ സുരക്ഷിതത്വത്തെക്കുറിച്ച് ചിന്തിക്കാറില്ല.

സ്ത്രീധന നിരോധന നിയമത്തിന്റെ പരാജയം

സ്ത്രീധന നിരോധന നിയമം 1961 ൽ പാസ്സാക്കപ്പെട്ടിട്ടും എന്തുകൊണ്ട് ഇത്രമാത്രം പരാജയം ഉണ്ടായി എന്ന് ചോദിച്ചാൽ സാമൂഹികവും മതപരവുമായ ആചാരങ്ങൾക്ക് നിയമത്തെക്കാൾ പ്രാധാന്യം ജനങ്ങൾ നൽകിയതുകൊണ്ടാണ്. കൂടാതെ ആക്ടിലെ ശിക്ഷാ നടപടികൾ വളരെ കുറഞ്ഞതും ആക്ടിന്റെ പരാജയത്തിനു കാരണമായി. എന്നാൽ 1990 കൾക്ക് ശേഷം സ്ത്രീധന പീഢന മരണങ്ങളുടെ എണ്ണം ക്രമാതീതമായി കൂടിയതോടെ ഗവൺമെന്റ് മറ്റ് മാർഗ്ഗങ്ങൽ സ്വീകരിക്കാൻ തീരുമാനിച്ചു. അങ്ങനെ ഇന്ത്യൻ പീനൽകോഡ് 1986 ലെ സെക്ഷൻ 304 ബി (സ്ത്രീധന മരണം) സെക്ഷൻ 498 എ ( വിവാഹിതയ്ക്കെതിരെയുള്ള അക്രമം) എന്നീ സെക്ഷനുകൾ കൂടെ ഉൾപ്പെടുത്തിശിക്ഷാ നടപടികൾ വിപുലപ്പെടുത്തിയതിന്റെ പ്രതിഫലനമാണ് ഉത്രാവധക്കേസിലെ ശിക്ഷാ നടപടി.

അപ്പന്റെ സമ്പത്തായ മകളെക്കുറിച്ച് നാം മാറി ചിന്തിക്കേണ്ട സമയം കഴിഞ്ഞില്ലേ?

നാം ഈ രാജ്യത്തിന്റെ പൗരന്മാരായിരിക്കേ രാജ്യംതന്റ പൗരന്മാർ വിവാഹിതരാകുമ്പോൾ നൽകുന്ന ആശംസ 'നിനക്ക് ആദ്യം മകൾ ജനിക്കട്ടെ' എന്നാണ്. കാരണം അവൻ തന്നിലേയ്ക്കുതന്നെ ഒതുങ്ങാനും, ചിലവുകൾ നിയന്ത്രിക്കാനും പഠിക്കും. എങ്കിൽ നമ്മുക്ക് എന്തുകൊണ്ട് സ്ത്രീധനത്തെക്കുറിച്ച് ഒന്നു മാറി ചിന്തിച്ചുകൂടാ? ഒരു പുരുഷായുസ് കഷ്ടപ്പെട്ട കാശുകൊടുത്ത് സ്വർണ്ണം മേടിച്ചുകൊടുത്തിട്ട് അവസാനം അതെല്ലാം തോന്നിയതുപോലെ ചിലവാക്കി രണ്ടു മക്കളെയുമായി, ഭർത്താവിന്റെ വീട്ടുകാർക്കും, സ്വന്തം വീട്ടുകാർക്കും, വേണ്ടാതെ നിസ്സഹായയായി വാവിട്ടുകരയുന്ന സ്ത്രീ എന്നും കോടതിവരാന്തയിൽ പകലന്തിയോളം നിൽക്കുമ്പോൾ ഒരുവേള അവളുടെ മുൻപിൽ കോടതിപോലും നിസ്സഹായനായിപോകുന്നു. എന്തുകൊണ്ടാണ് സ്വർണ്ണത്തിനുപകരം, ഒരു സെന്റു സ്ഥലമേ അതിനു മേടിക്കാൻ പറ്റുകയുള്ളു എങ്കിലും, അതു വാങ്ങി അവളുടെ സ്വന്തംപേരിൽ കൊടുത്തുകൂടാ? അവളുടെ ജീവിത കാലത്ത് യാതൊരു വിധത്തിലുള്ള ക്രയവിക്രയങ്ങളും അതുകൊണ്ടു നടത്താൻ പാടില്ല എന്നും എഴുതി വെയ്ക്കണം. ക്രിസ്ത്യാനികളായ നാം എല്ലാറ്റിനും രേഖ സൂക്ഷിക്കുന്നവരാണ്. എന്തുകൊണ്ട് കൊടുക്കുന്ന സ്ത്രീധനം പള്ളിയിലെ കല്യാണ രജിസ്റ്ററിൽ എല്ലാവരും സാക്ഷിനിൽക്കേ എഴുതി വെച്ചുകൂടാ? സ്വന്തമായി ചിലവ് നടത്താനും താലിമാല വാങ്ങാനും പോക്കില്ലാത്തവന് പെണ്ണുകൊടുക്കരുത്. അവൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കുക. ജോലി മേടിക്കാൻ ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കികൊടുക്കുക. പെണ്ണിനെക്കൊണ്ട് ജോലി റിസൈൻ ചെയ്യിപ്പിക്കുന്ന ചെക്കനും പെണ്ണിനെ കൊടുക്കരുത്. കൊറോണക്കാലം നമ്മെ പലതും പഠിപ്പിച്ചു. അതിൽ ചിലതാണ് ചിലവ് ചുരുക്കി വിവാഹം. മദ്യപാനവും അന്നത്തെ ദിവസത്തെ കുടുംബ കലഹവവും ഒഴിവാക്കാം. യുവജനങ്ങളും മാതാപിതാക്കളും ഇതെക്കുറിച്ച് വീട്ടിൽ ചർച്ച ചെയ്യണം. എന്നിട്ട് ഒരാൾക്കെങ്കിലും മാറി ചിന്തിക്കാൻ സാധിച്ചാൽ നല്ല കാര്യം. രാജ്യത്തിന്റെ നിയമം ഒരാളിൽ എങ്കിലും സുസ്ഥിരമാകും എന്ന് വിശ്വസിച്ചുകൊണ്ട്. ചുരുക്കുന്നു.





# ഫോക്കസ്

ബിലാൽ കുരിശിങ്കൽ

ഒരു ലക്ഷ്യം അധവാ ടാർഗറ്റ് ഉന്നം വെച്ചുകൊണ്ട് തയ്യാറെടുപ്പുകൾ നടത്തുന്ന എത്ര കുട്ടികൾ നമ്മുക്ക് ചുറ്റിലും ഉണ്ട്? ക്ലാസിൽ അധ്യാപകർ ചോദിക്കുമ്പോൾ താളത്തിൽ ഡോക്ടർ, എഞ്ചിനിയർ, ടീച്ചർ, നഴ്സ്, പോലിസ്, പട്ടാളം, പൈലറ്റ്, എന്നിങ്ങനെ പറഞ്ഞുപോകുന്നത് അല്ലാതെ എത്രമാത്രം തയ്യാറെടുപ്പുകൾ അവർ നടത്തുന്നുണ്ട് എന്ന് പരിശോധിച്ചാൽ നിരാശയാവും ഫലം. ലക്ഷ്യം തീരുമാനിക്കാതെ ഒരു ചെറുയാത്ര പോലും അസാധ്യമാണ് എന്നിരിക്കെ, ഒരായുസ്സ് മുഴുവൻ വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും സ്വാധീനിക്കുന്ന ഒന്നായ സ്വന്തം കരിയർ എന്താണെന്ന ഒരു ലക്ഷ്യവുമില്ലാതെ, ആ ലക്ഷ്യത്തിലേക്കുള്ള പാത ഏതെന്ന് കണ്ടെത്താതെയുള്ള



വിദ്യാഭ്യാസം ഒരുവനെ എവിടെകൊണ്ടെത്തിക്കും.

വ്യക്തമായ ഒരു ലക്ഷ്യം ഉണ്ടാവണം; കർമ്മ പദ്ധതിയും. ഒരു വീട് നിർമ്മിക്കുന്നതിനു മുൻപ് അതിന്റെ പ്ലാൻ വരയ്ക്കണം. ഒരു യാത്ര പോകുന്നതിനു മുൻപ് ലക്ഷ്യവും പാതയും തീരുമാനിക്കണം. ഒരു വ്യവസായം വിജയിക്കണമെങ്കിൽ എന്തു നേട്ടം ഉണ്ടാക്കാനാണ് നിങ്ങൾ ആഗ്രഹിക്കുന്നതെന്ന് കാലേക്കൂട്ടി ഉന്നമിടണം. സ്വന്തം കഴിവും അഭിരുചിയും തിരിച്ചറിഞ്ഞതിനു ശേഷം ആയിരിക്കണം ലക്ഷ്യം തീരുമാനിക്കേണ്ടത്.

ലക്ഷ്യത്തിൽ കൃത്യത ഉണ്ടായിരിക്കണം. അതായിരിക്കണം ഒരു വിദ്യാർത്ഥിയുടെ ജീവിതത്തിന് ദിശാബോധം നൽകേണ്ടത്. അമ്പെയ്ത്ത് മത്സരത്തിൽ അകലെയുള്ള നീലാകാശവും, മരവും, ശിഖരങ്ങളും, ഇലകളും, അതിലെ പക്ഷിയും കണ്ടുകൊണ്ട് ഉന്നം പിടിച്ചാൽ ശ്രമം വിഫലമാകുമെന്നും പക്ഷിയുടെ കണ്ണ് മാത്രം കാണുകയും ലക്ഷ്യം വയ്ക്കുകയും ചെയ്യുന്നവൻ കൃത്യതയാർന്ന വിജയം നേടുമെന്നുമുള്ള കേട്ടു പതിഞ്ഞ കഥ ഇവിടെ ഓർക്കുന്നത് നന്നായിരിക്കും. വിജയത്തിലേക്കുള്ള പ്രയാണത്തിൽ നമ്മുടെ ദൃഷ്ടികൾ ലക്ഷ്യത്തിൽ കൃത്യമായി കേന്ദ്രീകരിച്ചില്ല എങ്കിൽ ഉന്നം പിഴയ്ക്കും; ടാർഗറ്റിൽ എത്തില്ല.

ലക്ഷ്യം കണ്ടെത്തിയാൽ അതിനായുള്ള കഠിന പരിശ്രമം ആയിരിക്കണം ജീവിതം. ആ ലക്ഷ്യത്തിനായി ഇഷ്ടപ്പെട്ടത് പലതും വേണ്ടെന്നു വയ്ക്കണം. രസകരമായത് ഒഴിവാക്കണം. ഇഷ്ടക്കേടുകളെ ഇഷ്ടങ്ങളാക്കണം. ആ ഇഷ്ടക്കേടുകളെ ലക്ഷ്യ ബോധം കീഴടക്കണം. ചിന്തയിലും പ്രവർത്തിയിലും സമൂലമാറ്റം കൊണ്ടുവരണം. ഒറ്റ കുതിപ്പിന് ലക്ഷ്യത്തിലെത്തിയ വിജയികളില്ല. കൂട്ടുകാർ കൂർക്കം വലിച്ചുറങ്ങിയ നേരത്ത് നിശയുടെ നിശബ്ദതയിലും അവർ കഠിനാധ്വാനത്തിലായിരുന്നു. ജീനിയസ് എന്നാൽ 1 % പ്രതിഭയും 99 % അധ്വാനവും ആണ് എന്നാണ് തോമസ് ആൽവ എഡിസൺ അഭിപ്രായപ്പെട്ടിട്ടുള്ളത്. ഉദ്ദേശലബ്ധിക്കു വേണ്ടിയുള്ള പരിശ്രമത്തിൽ അതീവ ശ്രദ്ധയുണ്ടാകണം. ആ ശ്രമം തീർച്ചയായും നമ്മെ ലക്ഷ്യത്തിലെത്തിക്കും. പൗലോകൊയ്‌ലോയുടെ വാക്കുകൾ കടമെടുത്താൽ 'നാം എന്തെങ്കിലും നേടണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചാൽ, ഈ പ്രപഞ്ചം മുഴുവൻ ആ ലക്ഷ്യ സാക്ഷാൽക്കാരത്തിനായി നമ്മോടൊപ്പം ഉണ്ടാകും.'

മുന്നോട്ടുള്ള പ്രയാണത്തിലെ തടസ്സങ്ങളെ മുൻകൂട്ടി കണ്ട്, അതിനെ മറികടക്കാനുള്ള കൃത്യമായ ആസൂത്രണം ഉണ്ടാകണം. ഓരോ വർഷത്തിലും ഓരോ മാസത്തിലും എന്തിനേറെ ഓരോ ആഴ്ച്ചയിലും ചെയ്യേണ്ട കാര്യങ്ങൾ എഴുതി വയ്ക്കണം. നമ്മുടെ ലക്ഷ്യത്തെപറ്റി പ്രിയപ്പെട്ടവരോടൊക്കെ പറയുകയും വേണം.

പരാജയത്തിൽ തളരാതിരുന്നാൽ മാത്രമേ നാം ലക്ഷ്യത്തിൽ എത്തൂ. ഡോ. എ.പി.ജെ അബ്ദുൾ കലാം ' FAIL' എന്ന വാക്കിന് കൊടുക്കുന്ന നിർവ്വചനം ' First Attempt In Learning' എന്നാണ്. ശൈശവത്തിൽ നാം എഴുന്നേറ്റു നിൽക്കാൻ ശ്രമിക്കുമ്പോൾ എത്രയോ തവണ വീണുപോയിരിക്കുന്നു. ഒന്നു വീണപ്പോൾ ആ ശ്രമം ഉപേക്ഷിച്ചിരുന്നു എങ്കിൽ നമുക്ക് നടക്കാൻ ആകുമായിരുന്നോ? നിരന്തര പരാജയങ്ങളിൽ നിന്ന് ഉയർത്തെഴുന്നേറ്റ് ലക്ഷ്യത്തിലെത്തിയ അനേകായിരങ്ങളുടെ കഥ നമുക്ക് പ്രചോദനമായി കൺമുന്നിലുണ്ട്. പ്രതിബന്ധങ്ങളെ അവസരങ്ങളാക്കി മാറ്റണം.

ലക്ഷ്യം കൈപ്പിടിയിലൊതുക്കാൻ നമ്മെ സഹായിക്കുന്ന പരമ പ്രധാനമായ ഒരു ഘടകമാണ് അടിയുറച്ച ഈശ്വരവിശ്വാസം. പരാജയങ്ങളെ അതിജീവിക്കുവാനും മനസ്സിന് കരുത്ത് പകരാനും കഠിനാധ്വാനത്തിൽ ആശ്വാസമാകുവാനും ആത്മവിശ്വാസത്തോടെ ലക്ഷ്യത്തിലേയ്ക്ക് മുന്നേറുവാനും ആത്മീയത നമുക്ക് മുതൽകൂട്ടാകും.

"നിങ്ങളുടെ സ്വപ്നത്തിലേയ്ക്കുള്ള പാത എപ്പോഴും ഉണ്ടാകും. ആ പാത കണ്ടെത്താൻ സാധിക്കണം. അതിലൂടെ സഞ്ചരിച്ച് ലക്ഷ്യസ്ഥാനത്ത് എത്താനുള്ള ധൈര്യം നിങ്ങൾക്ക് ഉണ്ടാകണം. ആ ലക്ഷ്യത്തിൽ എത്തിച്ചേരുംവരെ നിങ്ങളുടെയുള്ളിൽ തീവ്രമായ ആഗ്രഹവും, സ്ഥിരോത്സാഹവും ഉണ്ടാകണം" (കല്പന ചൗള)



# മാഡം മേരിക്യൂറി

ലിസ്സി ജോസ് ലിൻ, കോയിൽപ്പറമ്പിൽ

മാഡം മേരിക്യൂറി ഭൗതിക ശാസ്ത്രത്തിലും രസതന്ത്രത്തിലും ഒരു പോലെ പ്രാവീണ്യം തെളിയിച്ച ശാസ്ത്ര ജ്ഞയാണ്.ശാസ്ത്രശാഖകളിൽ രണ്ടു വട്ടം നോബൽ സമ്മാനം നേടിയ ആദ്യത്തെ വനിതയും ആണ്. സർവകലാശാലയിലെ ആദ്യ വനിതാ പ്രൊഫസറും സർവ്വോപരി ശാസ്ത്രത്തിനായി സ്വന്തം ജീവിതം ഉഴിഞ്ഞുവച്ച ധീരവനിതയും ആണ്. ഈ വിശേഷണങ്ങളെല്ലാം മേരി ക്യൂറിയെക്കുറിച്ചാണ്. ഈ വിശിഷ്ട വനിതയെ കുറിച്ചാണ് ഞാനിവിടെ എഴുതുവാൻ പോകുന്നത്. മേരി ക്യൂറിയെന്ന വിശ്വോത്തര ശാസ്ത്രജ്ഞയുടെ ജീവിതം തീർച്ചയായും നമുക്ക് ഒരു പ്രചോദനമാകും എന്ന കാര്യത്തിൽ സംശയമില്ല.

മേരി സ്കോഡോവ സ്ക എന്ന മേരിക്യൂറി 1867 നവംബർ 7 ന് പോളണ്ടിലെ വാഴ്സായിൽ ആണ് ജനിച്ചത്.അച്ഛൻ വ്ളാഡിസ്ലാസ്കോ ഡോവ്സ്കിയും അമ്മ ബ്രൂണി സ്ലാവയും അധ്യാപകരായിരുന്നു. സഹോദരിയുടെ പേര് ബ്രോണിയ എന്നായിരുന്നു. പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നേടാനുള്ള സാഹചര്യം അക്കാലത്ത് പോളണ്ടിൽ ഉണ്ടായിരുന്നില്ല. എന്നാൽ എങ്ങനെയും തങ്ങളുടെ മക്കൾ പഠിച്ചു ഉയരണമെന്ന് അവർ അതിയായി ആഗ്രഹിച്ചു. ഒപ്പം തന്നെ മക്കളെ പ്രോത്സാഹിപ്പിക്കുകയും അവർക്ക് പ്രചോദനം നൽകുകയും ചെയ്തു. ഇക്കാര്യത്തിൽ മാതാപിതാക്കൾ എന്നും മുന്നിൽ തന്നെ നിന്നു. എങ്കിലും കടുത്ത സാമ്പത്തിക പ്രതിസന്ധി കുടുംബത്തെ പലപ്പോഴും ബുദ്ധിമുട്ടിൽ ആക്കിയിരുന്നു.

ദേശീയ പ്രക്ഷോഭം രാജ്യത്തെ സാമ്പത്തിക ഭദ്രതയെയും പ്രതികൂലമായി ബാധിച്ചിരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം ഉപരിപഠനം ഫ്രാൻസിൽ നടത്തണമെന്ന ആഗ്രഹം ഉണ്ടായെങ്കിലും സാമ്പത്തികപ്രതിസന്ധി മേരിയെ അതിന് അനുവദിച്ചില്ല. മേരിയുടെ സഹോദരി ബ്രോണിയക്കും പഠിക്കാൻ അതിയായ ആഗ്രഹമു ണ്ടായിരുന്നു. ഒരിക്കലും തങ്ങളുടെ ആഗ്രഹം സാധ്യമാകില്ലെന്ന് അറിയാമായിരുന്നെങ്കിലും ആ സഹോദരിമാർ തങ്ങളുടെ ആഗ്രഹം ഉപേക്ഷിച്ചില്ല.





ഒടുവിൽ അവർ രണ്ടുപേരും ചേർന്ന് ഒരു വഴി കണ്ടെത്തി. ഒരാൾ ഫ്രാൻസിൽ പോയി പഠിക്കുക. ഒരാൾ ജോലി ചെയ്ത് പഠിക്കുവാനുള്ള പണം കണ്ടെത്തി പഠിക്കുന്നയാളെ സഹായിക്കുക. പഠിച്ച് ജോലി നേടിയ ശേഷം അടുത്ത ആളെ പഠിക്കാൻ സഹായിക്കണം. ഇപ്രകാരം തീരുമാനമെടുത്തു. അങ്ങനെ ആദ്യം പഠിക്കാനായി പാരീസിലേക്ക് പോയത് ബ്രോണിയ ആണ്. മേരി ചെറിയ ചെറിയ ജോലികൾ ചെയ്ത് ചേച്ചിയെ പഠിക്കാൻ സഹായിച്ചു. ചേച്ചിയെ സഹായിക്കുന്നതോടൊപ്പം സ്വയം പഠിക്കുവാനും മേരി സമയം കണ്ടെത്തി. അതിനായി പല പുസ്തകങ്ങളും ശേഖരിച്ചു വച്ച് വായിക്കുവാൻ തുടങ്ങി.

1891 ഫ്രാൻസിലെ സോർബോൺ യൂണിവേഴ്സിറ്റിയിൽ മേരിയുടെ പഠനമാരംഭിച്ചു. സഹോദരി ബ്രോണിയയുടെ സഹായം ഉണ്ടായിരുന്നുവെങ്കിലും വൈകുന്നേരങ്ങളിൽ ട്യൂഷൻ എടുത്തും അവൾ പഠനച്ചെലവിനുള്ള പണം കണ്ടെത്തി. ഭൗതിക ശാസ്ത്രത്തിലും ഗണിതശാസ്ത്രത്തിലും ബിരുദാനന്തരബിരുദം നേടി. ആ കാലയളവിൽതന്നെ ചെറിയ പരീക്ഷണങ്ങൾ നടത്തുവാനും ചെറിയ കണ്ടുപിടുത്തങ്ങൾ നടത്തുവാനും മേരിക്കു കഴിഞ്ഞു.

പോളണ്ടിൽ പോയി തന്റെ പരീക്ഷണങ്ങൾ തുടങ്ങിയെങ്കിലും ഒരു സ്ത്രീക്ക് പരീക്ഷണശാല നടത്തുവാനുള്ള സാഹചര്യം അവിടെ ഇല്ലായിരുന്നു. വലിയൊരു പരീക്ഷണശാലക്കുള്ള തെരച്ചിൽ ഒടുവിൽ മേരിയെ എത്തിച്ചത് പിയറി ക്യൂറിയുടെ അടുത്തേക്കാണ്. ഈ കാലഘട്ടത്തിലാണ് ഹെൻറി ബെക്വറ്റലിന്റെ യുറേനിയം കണ്ടെത്തൽ. മേരിയുടെ ജീവിതത്തെ അത് വളരെ സ്വാധീനിച്ചു. മേരി ആ മേഖലയിൽ പരീക്ഷണങ്ങൾ തുടർന്നു. ഇതിനിടയിൽ പിയറിക്യൂറിയുമായുള്ള മേരിയുടെ വിവാഹം കഴിഞ്ഞു. മേരിയുടെ പരീക്ഷണങ്ങളുടെ ആഴവും അവളുടെ ആത്മാർത്ഥതയും മനസ്സിലാക്കിയ പിയറി തന്റെ പരീക്ഷണങ്ങൾ നിർത്തിവെച്ച് മേരിയുടെ ഉദ്യമത്തെ വിജയിപ്പിക്കുവാൻ തന്റെ സമയം പൂർണ്ണമായി ചെലവഴിക്കാൻ തുടങ്ങി.

രണ്ട് മഹാശാസ്ത്ര പ്രതിഭകൾ ഒരുമിച്ച് പ്രവർത്തിക്കുവാൻ തുടങ്ങിയത് ശാസ്ത്രമേഖലയിൽ വലിയ നേട്ടങ്ങൾക്ക് വഴിയൊരുക്കി. റേഡിയോ ആക്ടീവതയുമായി ബന്ധപ്പെട്ട കണ്ടെത്തലുകളും റേഡിയം കണ്ടെത്തിയതും എല്ലാം തന്നെ ശാസ്ത്രലോകത്ത് വലിയ വിപ്ലവം സൃഷ്ടിച്ചവയായിരുന്നു. അനേകം ഗവേഷണ പ്രബന്ധങ്ങൾ ഇവർ ഒന്നിച്ച് അവതരിപ്പിച്ചു. 1903 ൽ ഭൗതികശാസ്ത്രത്തിനുള്ള നോബൽ സമ്മാനം ഇവരെ തേടിയെത്തി.

1906 ൽ പിയറി ക്യൂറിയുടെ ആകസ്മികമായ വേർപാട് മേരിക്യൂറിയിൽ വലിയ ആഘാതം സൃഷ്ടിച്ചു, എങ്കിലും അവർ തളർന്നില്ല. പറക്കമുറ്റാത്ത രണ്ടു കുഞ്ഞുങ്ങളുമായി ശാസ്ത്രലോകത്ത് മേരി തന്റെ പോരാട്ടം തുടർന്നു .റേഡിയം, പൊളോണിയം എന്നീ മൂലകങ്ങൾ വേർതിരിച്ചെടുത്ത് 1911 രസതന്ത്രത്തിനുള്ള നോബൽ സമ്മാനത്തിന് മേരി അർഹയായി.

അങ്ങനെ രണ്ട് ശാസ്ത്രശാഖകളിൽ ആയി രണ്ട് തവണ നോബൽ സമ്മാനം നേടിയ ആദ്യ വനിത എന്ന ബഹുമതിയും ഈ മഹിളയെ തേടിയെത്തി. രണ്ടാം ലോക മഹായുദ്ധകാലത്ത് സ്ത്രീകൾക്ക് എക്സ്റേ പരിശീലനം നൽകുവാനും മറ്റുമായി മേരി ഓടിനടക്കുകയായിരുന്നു. നിരന്തരമായ പരീക്ഷണങ്ങളുടെ ഫലമായി ആണവവികിരണമേറ്റു മേരിയുടെ ആരോഗ്യനില തകരാറിലായി. എങ്കിലും അവർ തന്റെ ജോലിയിൽ വ്യാപൃതയായിരുന്നു. തന്നാൽ ആവുന്നതെല്ലാം ലോകത്തിനു സംഭാവന ചെയ്യണം എന്ന അടങ്ങാത്ത ആഗ്രഹം മേരിയിൽ വളരെയധികം ആയിരുന്നു. ഒടുവിൽ 1934 ജൂലൈ നാലിന് രക്താർബുദം ബാധിച്ച് ഈ ലോകത്തു നിന്ന് മേരി, പിയറി ക്യൂറിയുടെ അടുത്തേക്ക് യാത്രയായി. സ്വന്തം ജീവൻ ബലി നൽകി മേരി നടത്തിയ കണ്ടുപിടിത്തങ്ങളും പരീക്ഷണങ്ങളും ഇന്നും അനേകം ജീവനുകൾക്ക് തുണയാകുന്നു. അതോടൊപ്പം തന്നെ അവയെല്ലാം ശാസ്ത്രലോകത്തിന് വിലമതിക്കാനാവാത്ത നേട്ടങ്ങളായും കാലത്തിന്റെ മായാത്ത മുദ്രകളായും ഇന്നും നിലനിൽക്കുന്നു.



# വിശുദ്ധ യൗസേപ്പിതാവ്

ജോസഫ്,പുളിക്കൻ

ഫ്രാൻസിസ് പാപ്പാ തന്റെ പാത്രിസ് കോർദേ (PATRIS CORDE) എന്ന അപ്പസ്തോലിക ലേഖനത്തിൽ 2020 ഡിസംബർ എട്ടുമുതൽ 2021 ഡിസംബർ 8 വരെ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷമായി ആചരിക്കാൻ നിർദ്ദേശിച്ചിരിക്കുകയാണല്ലോ. വിശുദ്ധനെ അടുത്തറിയുവാനും അനുകരിച്ച് ജീവിക്കുവാനുമുള്ള ആഹ്വാനമാണ് ഇത്.

## നീതിമാനായ വിശുദ്ധ യൗസേപ്പ്

വിശുദ്ധ ഔസേപ്പ് നീതിമാൻ ആകയാൽ മറിയത്തെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു. മറിയത്തെ അപമാനിതയാക്കാതെ ഉപേക്ഷിക്കുന്നതിലൂടെ കരുണയുള്ളവനായി വിശുദ്ധ ജോസഫ് മാറുന്നു. ഗർഭിണിയായ പരിശുദ്ധ മറിയത്തെ സ്വപ്നത്തിൽ ലഭിച്ച നിർദ്ദേശം അനുസരിച്ച് വിശുദ്ധ യൗസേപ്പ് ഹൃദയപൂർവ്വം സ്വീകരിക്കുന്നു. ജീവിതത്തിന്റെ നിർണ്ണായക ഘട്ടങ്ങളിൽ വിശുദ്ധൻ നീതിപൂർവ്വം പെരുമാറുന്നു.

## ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവൻ

ബൈബിളിൽ വളരെ കുറച്ചുമാത്രമേ വിശുദ്ധ ജോസഫിനെ പരാമർശിക്കുന്നുള്ളുവെങ്കിലും എഴുതപ്പെടാത്ത ധാരാളം കാര്യങ്ങൾ ഔസേപ്പിതാവിന്റെ ജീവിതത്തിൽ  അദൃശ്യമായി നിലകൊള്ളുന്നു.



ദൈവാലയ ശുശ്രൂഷയ്ക്കായി ദൈവാലയത്തിൽ സമർപ്പിക്കപ്പെടുന്ന പരിശുദ്ധ മറിയത്തിന് 12 വയസ്സ് ആയതിനാൽ പിന്നീട് ദേവാലയത്തിൽ താമസിക്കാൻ പാടില്ല എന്ന നിയമമനുസരിച്ച് വിവാഹം കഴിച്ചയക്കാൻ തീരുമാനിച്ചു. അപ്പോൾ പന്ത്രണ്ടോളം ദാവീദ് വംശത്തിൽപ്പെട്ട യുവാക്കൾ ആണ് മറിയത്തെ വിവാഹം ചെയ്യുന്നതിനു വേണ്ടി വന്നത്. അതിൽ ആരാണ് വരൻ എന്ന പുരോഹിതരുടെ ചോദ്യത്തിന് ദൈവം ഒരു അടയാളം നൽകി. ജോസഫിന്റെ കയ്യിലിരുന്ന വടി പുഷ്പിച്ചു. അങ്ങനെ കന്യാമേരിയുമായി വിവാഹനിശ്ചയം ചെയ്തു. മറിയത്തിന്റെ നിഴലായിത്തീരുവാൻ ജോസഫിനെ ദൈവം അങ്ങനെ തെരഞ്ഞെടുത്തു.

## സ്വപ്നം കാണുന്ന വിശുദ്ധ ജോസഫ്.

സ്വപ്നത്തിൽ നാല് പ്രാവശ്യം കർത്താവിന്റെ ദൂതൻ യൗസേപ്പിതാവിന് പ്രത്യക്ഷപ്പെടുന്നതായി ബൈബിളിൽ കാണാം. ഒന്നാമത് കർത്താവിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ട് മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ സംശയിക്കേണ്ട എന്ന് പറയുന്നതും, അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണെന്ന് വ്യക്തമാക്കുന്നതും. രണ്ടാമത്, കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ജോസഫിനോട് പറഞ്ഞു ,എഴുന്നേറ്റു ശിശുവിനെയും അമ്മയെയും കൂട്ടി ഈജിപ്തിലേക്ക് പലായനം ചെയ്യുക എന്ന്. മൂന്നാമത് ഹെറോദോസിന്റെ മരണത്തിനുശേഷം ഈജിപ്തിൽ വച്ച് കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് പറഞ്ഞു എഴുന്നേറ്റു ശിശുവിനെയും അമ്മയെയും കൂട്ടി ഇസ്രായേൽ ദേശത്തേക്ക് മടങ്ങുക എന്ന്. നാലാമതായി ഹേറോദേസിന്റെ മകൻ അർക്കലാവോസ് ആണ് യൂദയാ ഭരിക്കുന്നത് എന്ന് കേട്ടപ്പോൾ ശിശുവിനെയും അമ്മയേയും കൂട്ടി അവിടെ പോകാൻ ഭയന്ന ജോസഫിന് സ്വപ്നത്തിൽ ലഭിച്ച മുന്നറിയിപ്പ് അനുസരിച്ച് അവൻ ഗലീലി പ്രദേശത്തേക്ക് പോയത്. ഇങ്ങനെ നാല് സ്വപ്നങ്ങളിലൂടെ കർത്താവിന്റെ ദൂതൻ യൗസേപ്പിതാവിനെ നയിക്കുന്നതായി നാം കാണുന്നു.

## ദൈവത്തെ ശ്രവിക്കുന്നവൻ

ബത്‌ലഹേമിലെ കാലിത്തൊഴുത്തിൽ മറിയത്തിന്റെ പ്രസവസമയത്ത് വിശുദ്ധ യൗസേപ്പിതാവിന്റെ ശുശ്രൂഷ വളരെ മഹനീയം ആയിത്തീരുന്നത് നമുക്ക് കാണുവാൻ സാധിക്കുന്നു. ദിവസങ്ങൾ നീണ്ടു നിന്ന യാത്രയിൽ രാത്രിയിലും പകലും അനുഭവിക്കേണ്ടി വന്ന ക്ലേശങ്ങൾ അനവധിയാണ്. ബദ്‌ലഹേമിൽ നിന്ന് തിരികെയുള്ള യാത്രയിലും വിശുദ്ധ യൗസേപ്പിതാവിന് ദൈവവുമായുള്ള ഹൃദയബന്ധത്തെ നമുക്കു കാണുവാൻ സാധിക്കും. പന്ത്രണ്ടാം വയസ്സിൽ യേശുവിനെ കാണാതെ മൂന്നു ദിവസങ്ങൾ ഹൃദയമുരുകുന്ന ദു:ഖവും പേറി നടന്ന് ഒടുവിൽ ദേവാലയത്തിൽ വച്ച് കണ്ടെത്തുന്നതും നമുക്ക് കാണുവാൻ സാധിക്കും.

## സാർവത്രിക സഭയുടെ മധ്യസ്ഥൻ

ക്രിസ്തുവിന്റെ രക്ഷാകര കർമ്മത്തിൽ മറിയം കഴിഞ്ഞാൽ ഏറ്റവുമധികം സഹകരിച്ച വ്യക്തിയാണ് വിശുദ്ധ ജോസഫ്. പരിശുദ്ധ മറിയത്തിന് സഹരക്ഷക എന്ന സ്ഥാനം ആണെങ്കിൽ അതുപോലെ തന്നെയുള്ള സ്ഥാനത്തിന് അർഹനാണ് വിശുദ്ധ ജോസഫും. രണ്ടാം വത്തിക്കാൻ കൗൺസിലിൽ സംരക്ഷക മധ്യസ്ഥനായി ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ വിശുദ്ധ ജോസഫിനെ പ്രഖ്യാപിച്ചു. കൗൺസിലിന് ശേഷം സഭയ്ക്ക് പുതിയ ഉണർവും എല്ലാ കാര്യങ്ങൾക്കും ഉള്ള മാർഗ്ഗ നിർദ്ദേശവും ലഭിച്ചു. തുടർന്ന് സാർവ്വത്രികസഭയുടെ മധ്യസ്ഥനായി വിശുദ്ധ ജോസഫ് അവരോധിക്കപ്പെട്ടു.



# വിശുദ്ധ അന്ത്രയോസ്

ഡോമെറ്റിൽഡ മേരി

'സെൻ അന്ത്രയോസിന്റെ ദേവാലയത്തിൽ സങ്കീർത്തനങ്ങൾ മുഴങ്ങിടുന്നു'... എല്ലാ മകരം പെരുന്നാളിനും പള്ളിയിൽ നിന്ന് അലയടിച്ചെടുത്തുന്ന ഒരുപാട് മനോഹര ഗാനങ്ങൾക്കിടയിൽ ഈ പാട്ടിന്റെ മഹിമ വളരെ ശ്രദ്ധേയമാണ്.

വിശുദ്ധ സെബാസ്ത്യനോസിനെ തേടി വിശ്വാസ സാഗരം അർത്തുങ്കലിലേക്ക് ഒഴുകിയെത്തുമ്പോൾ വിശുദ്ധ അന്ത്രയോസിന്റെ ഭവനം അനുഗ്രഹത്തിന്റെ വിഭവങ്ങളൊരുക്കി വിശ്വാസികളെ എതിരേല്ക്കുന്നു.

എപ്പോഴും സൗമ്യതയുടെ നിറക്കൂട്ടൊരുക്കി ശുശ്രൂഷയുടെ വർണ്ണങ്ങൾ വിരിയിച്ച് യേശു നാഥന്റെ നിഴലായി നടന്ന അന്ത്രയോസ് പുണ്യാളൻ എപ്പോഴും എന്റെ ശ്രദ്ധയെ ആകർഷിച്ചിരുന്നു.

യേശു ആദ്യമായി വിളിച്ച ശിഷ്യരിൽ ഒരാളാണ് അന്ത്രയോസ്. ഏറ്റവും ഒന്നാമനായിട്ടും ഏറ്റവും പിന്നിൽ നിൽക്കാൻ ഇഷ്ടപ്പെട്ടയാളാണ് അദ്ദേഹം. താൻ കണ്ട യേശുവിനെ തന്റെ സഹോദരന് കൂടി കാണിച്ചു കൊടുക്കാൻ തിടുക്കം കൂട്ടിയയാൾ...



തന്റെ അനുജനായ പത്രോസിനെ യേശു സഭയുടെ പ്രഥമ തലവനാക്കി ഉയർത്തുമ്പോഴും അസൂയ ഇല്ലാതെ,പരാതി പറയാതെ അവനോടൊപ്പം ചേർന്ന് നടക്കുവാൻ ഇഷ്ടപ്പെട്ടയാളാണ് വിശുദ്ധ അന്ത്രയോസ്!

ദൈവത്തിലേക്ക് മറ്റുള്ളവരെ ആനയിക്കുന്ന വലിയ മാതൃകയാണ് അദ്ദേഹം പ്രദാനം ചെയ്തത്. തുടർന്നുള്ള തീർത്ഥാടക ജീവിതത്തിൽ അദ്ദേഹം മറ്റുള്ളവരുടെ ഉയർച്ചക്കായി നൂറുമേനി ഫലം തരുന്ന വിത്ത് വിതക്കുകയും ചെയ്തു. മലയിലെ പ്രസംഗം കഴിഞ്ഞു വിശന്നു വലഞ്ഞ ജനത്തിന് ഭക്ഷണം കൊടുക്കാൻ യേശു ആവശ്യപ്പെടുമ്പോൾ അഞ്ചപ്പവും രണ്ടു മത്സ്യവും കയ്യിൽ ഉണ്ടായിരുന്ന കുട്ടിയെ കണ്ടെത്തി യേശുവിനു മുന്നിലെത്തിക്കുന്നത് അന്ത്രയോസാണ്. ആർക്കും അത് തികയില്ല എന്നറിഞ്ഞിട്ടും ഗുരുവിന്റെ വാക്ക് അനുസരിച്ചു അവനെ വിശ്വസിച്ചു കൊണ്ടുള്ള പ്രവൃത്തി! അദ്ദേഹത്തിന്റെ കരുതലും മറ്റുള്ളവരെ ദൈവ സന്നിധിയിൽ എത്തിക്കാനുള്ള മനോഭാവവും വീണ്ടും തെളിഞ്ഞു കാണുന്ന രംഗമായിരുന്നു അത്. അവിടെ വെച്ചാണ് അഞ്ചപ്പവും രണ്ടു മീനും കൊണ്ട് അയ്യായിരം പേർക്കായി യേശു അത്ഭുതം പ്രവർത്തിച്ചത്!

സെബസ്ത്യാനോസ് പുണ്യവാളന്റെ പേരിൽ അർത്തുങ്കലിൽ ഏറ്റവും കൂടുതൽ ആളുകൾ വരുന്നതോടൊപ്പംതന്നെയുള്ള പ്രാധാന്യത്തിലേക്ക് വിശുദ്ധ അന്ത്രയോസ് ശ്ലീഹായുടെ നാമവും മഹത്വീകരിക്കപ്പെടട്ടെയെന്ന് പ്രാർത്ഥിക്കുന്നു. വിശുദ്ധ അന്ത്രയോസ് അർത്തുങ്കൽ മണ്ണിന് കാവലായും അനുഗ്രഹമായും മാറുന്നു. ദേവാലയത്തിന്റെ കൃപയുടെ വലിയവാതിൽ ആയി വിശുദ്ധൻ മാറുന്നു.... ദൈവത്തിങ്കലേക്ക് വിശ്വാസികൾ കടന്ന് വരുന്ന ദേവാലയത്തിലെ ആനവാതിൽ പോലെ...

ആരുടേയും കണ്ണിൽ പതിയാൻ ആഗ്രഹം ഇല്ലാത്ത വിശുദ്ധ അന്ത്രയോസ്... തന്റെ ഗുരുവിന്റെ കുരിശും കയ്യിൽ വഹിച്ചു കൊണ്ട്, ഇനിയും ഒരുപാട് പേരെ മൗനമായി ദൈവത്തിലേക്ക് ക്ഷണിച്ചു കൊണ്ട്, അർത്തുങ്കൽ ദേവാലയത്തിന്റെ സംരക്ഷകനായിത്തീരുന്നു. ഇടവക മദ്ധ്യസ്ഥനായ വിശുദ്ധ അന്ത്രയോസിന്റെ തിരുന്നാൾ നവംബർ അവസാനം നടക്കുമ്പോൾ അത് നമ്മുടെ ദേവാലയത്തിന്റെ വലിയ ആഘോഷമായി മാറട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.



ലേഖനം

# മരണം

## ക്രിസ്തീയവീക്ഷണം

ആൽബർട്ട് അച്ചൻ

നമ്മുടെ ഇഹലോകജീവിതത്തിന്റെ അന്ത്യമാണ് മരണം. സമയം കൊണ്ട് അളക്കപ്പെടുന്ന നമ്മുടെ ജീവിതം പച്ചില പഴുത്ത് കൊഴിയുന്നതുപോലെ അതിവേഗം കടന്നുപോകുന്നു. ജീവിത സാക്ഷാത്കാരത്തിന് പരിമിതമായ സമയമേയുള്ളുവെന്ന് നാം തിരിച്ചറിയുന്നു. ഇവിടെയാണ് മർത്ര്യതയെക്കുറിച്ചുള്ള ചിന്തയുടെ പ്രസക്തി.

"നിന്റെ യാവ്വനത്തിന്റെ നാളുകളിൽ നിന്റെ സൃഷ്ടാവിനെയും നീ സ്മരിക്കുക... പൂഴി അതിന്റെ ഉറവിടമായ ഭൂമിയിലേക്കും ആത്മാവ് അതിന്റെ ദാതാവായ ദൈവത്തിലേക്കും തിരിച്ചുപോകുന്നതിന മുമ്പ്" (സഭാപ്രസം 12: 17).

പാപത്തിന്റെ ഫലമായിട്ടാണ് മരണമുണ്ടായതെന്ന് വിശുദ്ധ ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു (ഉത്പ 2: 17; 3:3, 3: 19, ജ്ഞാനം 1: 13, റോമ 5: 2). ക്രിസതുവിന്റെ മരണം വഴിയായി നമ്മുടെ മരണത്തിന് ഭാവാത്മകമായ ഒരർത്ഥം കൈവന്നു. "എന്തെന്നാൽ എന്നെ സംബന്ധിച്ചിടത്തോളം ജീവിക്കുക എന്നത് ക്രിസ്തുവാകുന്നു; മരിക്കുക എന്നത് ലാഭവുമാകുന്നു (ഫിലി 1: 21). മരണത്തെ ജയിച്ച് ഉത്ഥാനം ചെയ്തവനാണ് നമ്മുടെ രക്ഷകനായ യേശുക്രിസ്തു. ഈ ഉറച്ച വിശ്വാസത്തിലാണ് വിശുദ്ധ പൗലോസ് അപ്പസ്തോലൻ പറയുന്നത്: "നാം അവനോടുകുടെ മരിച്ചെങ്കിൽ അവനോടുകുടെ ജീവിക്കും" (2 തിമോ 2: 1) എന്ന്. മാമ്മോദീസ സ്വീകരിക്കുന്ന ഓരോ വ്യക്തിയും "ക്രിസ്തുവിൽ മരിച്ച് പുതിയമനുഷ്യനായി മാറുകയാണ്. അങ്ങനെ പുതിയ മനുഷ്യനായി ക്രിസ്തുവിന്റെ കൃപാവരത്തിൽ ജീവിച്ച് മരിക്കുകയാണെങ്കിൽ ആ ശാരീരിക മരണം "ക്രിസ്തുവിലുള്ള മരണത്തെ" പൂർണ്ണമാക്കുന്നു. വിശുദ്ധരെല്ലാവരും ഈ വിശ്വാസത്തോടെ മരണത്തെ നോക്കിക്കണ്ടവരാണ്. മരണത്തെക്കുറിച്ച് അന്ത്യോക്യായിലെ വിശുദ്ധ ഇഗ്നേഷ്യസിന്റെ കാഴ്ച്ചപ്പാട് നമുക്ക് പ്രത്യാശ പകരുന്നതാണ്. "ഭൂമിയുടെ അതിർത്തികളോളം ആധിപത്യം നടത്തുന്നതിനേക്കാൾ യേശുക്രിസ്തുവിൽ മരിക്കുകയാണ് എനിക്ക് നല്ലത്. നമുക്കുവേണ്ടി മരിച്ച അവിടുത്തെയാണ് ഞാൻ അന്വേഷിക്കുന്നത്. നമുക്കുവേണ്ടി ഉത്ഥാനം ചെയ്ത അവിടുത്തെയാണ് ഞാൻ ആഗ്രഹിക്കുന്നത്. ജന്മമരുളുന്ന നിമിഷത്തിലാണ് ഞാൻ...നിർമലമായ പ്രകാശം ഞാൻ സ്വീകരിക്കട്ടെ. ഞാനവിടെ ചെന്നെത്തുമ്പോൾ ഞാനൊരു മനുഷ്യനായിരിക്കും." ആവിലയിലെ വിശുദ്ധ ത്രേസ്യയുടെ വാക്കുകൽ അൽപ്പംകൂടി തീവ്രമാണ്. " എനിക്ക് അങ്ങയെ കാണണം. അതിനായി ഞാൻ മരിക്കാൻ ആഗ്രഹിക്കുന്നു." ലിസ്യൂവിലെ വിശുദ്ധ തെരേസ നിത്യജീവിനിലേക്കുള്ള വഴിയായയാണ് മരണത്തെ കാണുന്നത്. "ഞാൻ മരിക്കുകയല്ല ജീവനിലേക്ക് പ്രവേശിക്കുകയാണ്".

മരിച്ചവർക്കുവേണ്ടിയുള്ള വിശുദ്ധ കുർബാനയിൽ മരണത്തെക്കുറിച്ചുള്ള നമ്മുടെ വിശ്വാസം സവിശേഷമായി പ്രകാശിപ്പിക്കപ്പെടുന്നുണ്ട്."കർത്താവേ, അങ്ങേ വിശ്വസ്തരുടെ ജീവിതത്തിന് മാറ്റം വരുന്നു, അത് അവസാനിക്കുന്നില്ല. ഞങ്ങളുടെ ഭൗമിക വാസം അവസാനിക്കുമ്പോൾ സ്വർഗ്ഗത്തിൽ ഞങ്ങൾ ശാശ്വതമായ വാസസ്ഥാനം നേടുന്നു." ദൈവം ആഗ്രഹിക്കുന്നതുപോലെ ഈ ലോകത്ത് ജീവിക്കാനും അതിനുശേഷം ദൈവത്തോടൊത്ത്



ആയിരിക്കുവാനുമായി ദൈവം നൽകുന്ന കൃപാവരത്തിന്റെയും കാരുണ്യത്തിന്റെയും സമയത്തിന്റെ അന്ത്യമാണ് മരണം. മനുഷ്യനൊരിക്കൽ മരിക്കണമെന്ന നിശ്ചയിക്കപ്പെട്ടിരിക്കുന്നുവെന്നും മരണത്തിനു ശേഷം പുനർജന്മമില്ല എന്നും തിരുസഭ നമ്മെ പഠിപ്പിക്കുന്നു.

നമ്മുടെ പ്രാർത്ഥനകളെടുത്താൽ പെട്ടെന്നുള്ള മരണത്തിൽനിന്നും കർത്താവേ ഞങ്ങളെ രക്ഷിക്കണമെയെന്ന വിശുദ്ധന്മാരുടെ ലുത്തിനിയായിലും ഞങ്ങളുടെ മരണസമയത്ത് ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കണമേയെന്നും നന്മ നിറഞ്ഞ മറിയമേ എന്ന് ജപത്തിൽ ദൈവമാതാവിനോടും നാം പ്രാർത്ഥിക്കുന്നുണ്ട്. മരണാസന്നമായ മണിക്കൂറിൽ സൗഭാഗ്യപൂർണ്ണമായ മരണത്തിന്റെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന് നമ്മെത്തന്നെ ഭരമേൽപ്പിക്കാൻ സഭ ആവശ്യപ്പെടുന്നു.

ആദ്യകുർബാന സ്വീകരണത്തിന് ഒരുങ്ങുന്ന കുട്ടികളുടെ ക്ലാസിലേക്ക് ടീച്ചർ കയറിച്ചെന്നു. "ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ". കുട്ടികൾ എഴുന്നേറ്റ് ഉച്ചസ്വരത്തിൽ പറഞ്ഞു: "എപ്പോഴും സ്തുതിയായിരിക്കട്ടെ'. ടീച്ചർ ഒരു കുട്ടിയോടു ചോദിച്ചു: നന്മചെയ്തവരോടു വിധി ദിനത്തിൽ ദൈവം എന്താണ് പറയുക? സംശയ ലേശമന്യേ അവൻ പറഞ്ഞു : ' സ്വർഗ്ഗരാജ്യത്തിലേയ്ക്ക് പ്രവേശിക്കുക.'മറ്റൊരു കുട്ടിയോടു ചോദിച്ചു : ' തിന്മചെയ്തവരോടോ?' ' നിങ്ങൾ നരകത്തിലേക്കു പോകുക.' ടീച്ചർ തുടർന്നു ചോദിച്ചു : 'സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ മാത്രം നന്മ ചെയ്തിട്ടില്ല എന്നാൽ നരകത്തിലേക്ക് തള്ളാൻ മാത്രം തിന്മയും ചെയ്തിട്ടില്ലാത്തവരോടൊ? ഒരു പെൺകുട്ടി ഞാൻ പറയാം എന്ന മട്ടിൽ കൈ പൊക്കി.– ദൈവം പറയും നമുക്ക് പിന്നെ കാണാം. ശുദ്ധീകരണസ്ഥലത്തെ ആളുകളോട് ദൈവം പറയുന്നതിന്റെ രത്നച്ചുരുക്കം ഈ കുട്ടിയുടെ മറുപടിയിലുണ്ട്. പ്രാർത്ഥനകൾ വഴി ശുദ്ധീകരിക്കപ്പെയേണ്ടിയിരിക്കുന്നു.

നമ്മുടെ ഈ ലോകത്തെ ജീവിതം ഒരു യാത്രയാണ്. യാത്ര അവസാനിക്കുമ്പോൾ നാം നിത്യജീവിതത്തിനായി വിളിക്കപ്പെടും. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കാൻ സഭ നമ്മോട് ആവശ്യപ്പെടുന്നു. നമ്മുടെ പ്രാർത്ഥന ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്ക് സ്വർഗ്ഗരാജ്യം ലഭിക്കാൻ ഇടവരുത്തും. മരിച്ചവർക്കുവേണ്ടിയുള്ള ബലിയെക്കുറിച്ച് മക്കബായരുടെ രണ്ടാം പുസ്തകത്തിൽ വ്യക്തമായ സൂചനകൾ ഉണ്ട്. "അതിനാൽ മരിച്ചവർക്ക് പാപമോചനം ലഭിക്കുന്നതിന് അവൻ അവർക്കുവേണ്ടി പാപപരിഹാര കർമ്മം അനുഷ്ഠിച്ചു.". (2 മക്ക 2: 45). അഗ്നിയിലൂടെയെന്നവണ്ണം അവർ രക്ഷ പ്രാപിക്കും (1 കോറി 3: 14) എന്ന പൗലോസിന്റെ വാക്കുകൾ ഇതിനു തുണയാകും. ലൂക്കാ 21:38 ൽ യേശു പറയുന്ന വചനം നമ്മുടെ കണ്ണുതുറപ്പിക്കണം. "അവിടുന്ന് മരിച്ചവരുടെയല്ല ജീവിക്കുന്നവരുടെ ദൈവമാണ്. അവിടുത്തേക്ക് എല്ലാവരും ജീവിക്കുന്നവർ തന്നെ." പുനരുദ്ധാനം നിഷേധിക്കുന്നവർക്ക് വലിയ തെറ്റുപറ്റിയിരിക്കുന്നു എന്ന യേശു വചനം കൂടി നമുക്ക് ചേർത്തുവായിക്കാം. എല്ലാ മരിച്ചവിശ്വാസികൾക്കുംവേണ്ടി ഈ ദിനങ്ങളിൽ പ്രത്യേകം പ്രാർത്ഥിക്കാം.


VOX SANT' ANDREA

VOX SANT' ANDREA യിൽ
ജന്മദിനം വിവാഹവാർഷികം...തുടങ്ങിയ
വിശേഷ ദിവസങ്ങൾ ആശംസിക്കുവാനും
ഉറ്റവരുടെ മരണദിന അനുസ്മരണത്തിനായും
അവസരം ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ളവർ
ഈ നമ്പറിൽ ബന്ധപ്പെടുക 9539369147


നിരക്കുകൾ

| | |
|---|---|
| Color | Full Page 2500<br>Half Page 1250<br>Quarter Page 600 |
| Black & White | Full Page 1000<br>Half Page 500<br>Quarter Page 250 |


VOX SANT' ANDREA

## Contact Details


St. Andrew's Basilica, Arthunkal,
Arthunkal P.O., Cherthala,
Alappuzha - 688530
Kerala. Ph: 9400152374
E-mail: arthunkalbasilica2010@gmail.com
Youtube: Arthunkal Basilica
www.arthunkalbasilica.com




# ആത്മാവിന്റെ അടിക്കുറിപ്പുകൾ

മലയാളത്തിന്റെ സ്വന്തം സംവിധായകനായ സത്യൻ അന്തിക്കാട് തന്റെ ജീവിതാനുഭവങ്ങളെ പകർത്തി എഴുതിയ പുസ്തകം ആണ് ആത്മാവിന്റെ അടിക്കുറിപ്പുകൾ എന്ന പുസ്തകം. മാതൃഭൂമി ബുക്ക്സ് ആണ് പ്രസാധകർ. വെള്ളിത്തിരയുടെ പിന്നാമ്പുറത്തെ തന്റെ ജീവിതവും സിനിമയിലെ അപര ജീവിതവും എഴുതാൻ സത്യൻ മാഷ് തന്റെ പേനയെ ഉപയോഗിച്ചിരിക്കുന്നത്. സത്യൻ അന്തിക്കാടിന്റെ സിനിമകൾ പോലെ തന്നെയാണ് അദ്ദേഹത്തിന്റെ എഴുത്തും. ഒറ്റ ഇരുപ്പിന് വായിച്ചു തീർക്കാൻ തോന്നും. അറിവ് കൂടിയാൽ അപകടം എന്ന തുടക്കത്തോടെയാണ് പുസ്തകം തുടങ്ങി വയ്ക്കുന്നത്. എഴുത്തുകാരൻ പറയുന്നത് ഈ ലോകത്ത് ജീവിക്കാൻ മിനിമം അറിവ് മതി എന്നാണ്. അമിതമായ അറിവ് നിങ്ങളിൽ ഭയം ജനിപ്പിക്കും അതുകൊണ്ട് കുറച്ച് അറിയുക കൂടതൽ പ്രവർത്തിക്കുക എന്നത് കരണീയം തന്നെയാണ്. എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം അയാളുടെ ഒന്നാമത്തെ സിനിമയായ നീല കുറുക്കനും അവസാനം എത്തി നിൽക്കുന്ന ഞാൻ പ്രകാശനും എല്ലാം തന്നെ അയാൾക്ക് ഇന്നും പുതിയതാണ്. ആദ്യത്തെ സിനിമയുടെ തുടക്കം തടസ്സത്തിൽ ആണ് അവസാനിച്ചത്. പിന്നീട് നീലക്കുറുക്കൻ കൊട്ടകയിൽ എത്താൻ താമസിച്ചപ്പോൾ വിതരണക്കാരായി രക്ഷകരായി വന്ന സൂരി ഫിലിം സിനെ അദ്ദേഹം നന്ദിയോടെ ഓർക്കുന്നു. ആദ്യത്തെ സിനിമ പുറത്ത് വരാതെ ഇരുന്നിരുന്നെങ്കിൽ താൻ ഇല്ലാതാകുമായിരുന്നു എന്നാണ് അന്തിക്കാട് മാഷ് പറഞ്ഞ് വയ്ക്കുന്നത്. തന്നിലെ സംവിധായകനും രംഗപ്രവേശം ചെയ്യുമായിരുന്നില്ല.

സംവിധായകൻ തന്റെ സുഹൃത്തുക്കളെ ഓർത്തെടുക്കുന്നുണ്ട്. ആ ലിസ്റ്റിൽ പ്രധാനി ജോൺസൺ മാഷ് ആണ്. ദേവാങ്കണങ്ങൾ കൈ ഒഴിയാത്ത താരകം തന്നെ ആയിരുന്നു സത്യനു ജോൺസൺ. പുസ്തകത്തിൽ ഒരാളെ പറ്റി എഴുതാൻ കൂടുതൽ പേജുകൾ എടുക്കുന്നു എങ്കിൽ അത് ജോൺസൺ മാഷിനേക്കുറിച്ചാണ്. വലിയ സംഗീത സംവിധായകൻ ആയിരുന്നു എങ്കിൽ പോലും നിസ്സാരമായ കാര്യത്തിന് കലഹിച്ച് പിണങ്ങി പോകുന്ന ഒരു കുട്ടി കണക്കെആയിരുന്നു ജോൺസൺ മാഷ്. മനുഷ്യ ബന്ധത്തിന്റെ ഊഷ്മളത വെളിവാക്കുന്നതാണ് താൻ എടുത്ത ഓരോ സിനിമകളും എന്ന് അദ്ദേഹം സ്നേഹ പുരസ്സരം അവകാശപ്പെടുന്നു, അതിൽ സത്യവും ഉണ്ട്. മനസ്സിനക്കരയിൽ കൊച്ചു ത്രേസ്യയുടെ കഥാപാത്രത്തെ അച്ചപ്പവും കാപ്പിയും കൊടുത്തിട്ട് സ്നേഹത്തോടെ ഇറക്കി വിടുന്ന കുഞ്ഞു മറിയയുടെ കഥാപാത്രം നൽകുന്ന നൊമ്പരം ചെറുതല്ല. സിനിമാ നടൻ ആയാലും നടി ആയാലും ജീവിതത്തിൽ ലാളിത്യം പുലർത്തണം എന്ന പക്ഷക്കാരൻ ആണ് എഴുത്തുകാരൻ.

മറ്റുള്ളവരുടെ അന്നം തട്ടിപ്പറിച്ച് കഴിക്കുന്ന ഒരു ദുഷ്ടൻ ആയി താൻ ജീവിക്കുന്നതിലും ഭേദം മരണം ആണ് എന്ന് അന്തിക്കാട് മാഷ് പറഞ്ഞു വയ്ക്കുന്നു. മനുഷ്യൻ ആർത്തി അവസാനിപ്പിക്കണം. പറ്റിക്കുന്ന ഗഫൂർക്കാമാർ ആകാൻ അല്ല നമ്മുടെ വിളി എന്ന് നാടോടിക്കാറ്റ് നമ്മളെ വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പണ്ട് തനിക്ക് സിനിമാ നിർമ്മിക്കുന്ന സമയത്ത് കയ്യിൽ ഉണ്ടായിരുന്ന നടന്മാരിൽ നിന്നും നടിമാരിൽ നിന്നും ലഭിച്ചിരുന്ന വ്യത്യസ്തത ഇന്ന് ലഭിക്കുന്നില്ല. ഒരു തരത്തിൽ നോക്കിയാൽ അത് ശരിയും ആണ്. ഒരു ഇന്നസെന്റോ, ജഗതിയോ, ഒടുവിൽ ആശാനോ ഇനി പിറക്കുമോ എന്ന് സംശയം തന്നെ. സിനിമാക്കാരൻ ചന്ദ്രനിൽ നിന്നും ഇറങ്ങി വന്ന ഒരു സവിശേഷ ജീവി അല്ല എന്നത് മനുഷ്യർ ഇടയ്ക്ക് ഒന്നു പരിഗണിക്കണം എന്ന ആവശ്യം സത്യൻ അന്തിക്കാട് ഓർമിപ്പിക്കുന്നുണ്ട്. പൊതു സമൂഹത്തിൽ വിസിബിൾ ആയതു കൊണ്ട് തന്നെ അവരുടെ സ്വകാര്യത ഭീകരമായി കവർന്ന് എടുക്കപ്പെടുന്നു. വിമാനത്തിൽ കയറി ഷൂട്ടിംഗ് ലോക്കേഷനിൽ എത്തേണ്ടിയിരുന്ന ഒരു നടനെ തടഞ്ഞ് നിർത്തി ഫോട്ടോ എടുപ്പിച്ച ശേഷം അയാൾക്ക് ഫ്ലൈറ്റിൽ കയറാൻ പറ്റാത്ത അവസ്ഥ ഉണ്ടാവുകയും ഒരു യൂണിറ്റ് മുഴുവൻ ചെന്നൈ നഗരത്തിൽ കുടുങ്ങുകയും ചെയ്തു. MLA യെ ഫോൺ വിളിച്ച് സ്കൂൾ തുറക്കുമോ എന്നും ഡാം പൊട്ടിയാൽ ജില്ല വെള്ളത്തിൽ ആകുമോ എന്നും എല്ലാം ചോദിക്കുന്നതിനെ ഇതിനോട് ചേർത്ത് വായിക്കാൻ സാധിക്കുന്നതാണ്. സത്യൻ അന്തിക്കാട്, ഈ നാടിന്റെ ആരാധകൻ ആണ് താൻ എന്നാണ് പുസ്തകത്തിൽ ഉടനീളം സ്വയം വിശേഷിപ്പിക്കുന്നത്. താൻ സിനിമാ ലോക്കേഷനുകൾ കഴിവതും നാട്ടിൽ തന്നെ കണ്ടുപിടിക്കുന്ന ഒരാൾ ആണ് എന്നും വിദേശത്ത് പോയി സിനിമാ ചിത്രികരിക്കുന്നത് ചിന്തിക്കാൻ പോലും ആവില്ല എന്ന് അദ്ദേഹം സൂചിപ്പിക്കുന്നു.

നാടിന്റെ മണം ഇല്ലായിരുന്നു എങ്കിൽ സന്ദേശവും, നാടോടിക്കാറ്റും മനസ്സിനക്കരെയും ഒന്നും പിറക്കുമായിരുന്നില്ല എന്നും അദ്ദേഹം പറഞ്ഞു വയ്ക്കുന്നു. ആത്മാവിന്റെ അടിക്കുറിപ്പുകൾ എന്ന പുസ്തകം ഒരു പുത്തൻ വായന അനുഭവം ആണ് വായനക്കാരനു നൽകുന്നത്.

അലക്സ് അലോഷ്യസ് ചുള്ളിയ്ക്കൽ

# കൂട്ടുകാരൻ



എന്നോടോപ്പം ചേരാൻ
ഒന്നിച്ചൊന്നായ് വാഴാൻ
എനിക്കായ് ദൈവം നൽകിയൊരു
സ്നേഹ നിധിയാം കൂട്ടുകാരൻ
ഒപ്പത്തിനൊപ്പം നടന്നിടാനും
ഒത്തൊരുമിച്ചു കളിച്ചിടാനും
പങ്കുവെയ്ക്കുവാൻ പഠിച്ചിടാനും
ദൈവം തന്നൊരീ കൂട്ടുകാരൻ
എനിക്കേറെ പ്രിയപ്പെട്ടോരെൻ
സ്നേഹ നിധിയാം കൂട്ടുകാരൻ

റെയൺ ജോർജ്ജ്
2 ബി

# മാലാഖ




മാലാഖേ മാലാഖേ
കൂടെനടക്കും മാലാഖേ
കാവലിനായ് എന്റെയടുക്കൽ
ഓടിവരുന്നൊരു മാലാഖേ
ഞാൻ പാപത്തിന്റെ വഴിയെ
പോകുമ്പോൾ നേർവഴി
കാട്ടുന്ന മാലാഖേ
മാലാഖേ മാലാഖേ
ദൈവമയച്ചൊരു മാലാഖേ

എയ്ഞ്ചലീന ജുവൽ
5 എ




Anne Merin 6 B




Ami T Joseph 6 B

BASIC CHRISTIAN COMMUNITIES ✱ DIOCESE OF ALLEPPEY ✱


# സ്നേഹ സമൂഹം

## കുടുംബങ്ങളുടെ കൂട്ടായ്മ

## യൗസേപ്പിതാവിന്റെ വർഷം




*ബുള്ളറ്റിൻ 306* "അവരെല്ലാവരുടെയുംമേൽ കൃപാവരം സമൃദ്ധമായി ഉണ്ടായിരുന്നു!" *2021 നവംബർ*




**ഫൊറോന – ഇടവക തലങ്ങളിൽ ജൂബിലി – സിനഡ് പഠനവും പ്രവർത്തനവും**

**വചനവായനയ്ക്ക് ആമുഖം :** "ലോകമാസകലമുള്ള കർത്താവിന്റെ സഭ ഒക്ടോബർമാസത്തിൽ മറ്റൊരു വലിയ അനുഗ്രഹസംഭവത്തിനു തുടക്കം കുറിക്കുകയാണ്. രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ തുടർച്ചയെന്നോണം സ്ഥാപിതമായിട്ടുള്ള മെത്രാന്മാരുടെ പൊതുസിനഡ് അതിന്റെ 16-ാം സമ്മേളനമായി ഉൾക്കൊണ്ടിട്ടുള്ള വിഷയം "ഒരുമ, പങ്കാളിത്തം, സുവിശേഷ ദൗത്യം ഒരു സിനഡാത്മക സഭയ്ക്കായി" എന്നതാണ്. നമുക്ക് ലഭിച്ചിരിക്കുന്ന ഈ സുവർണാവസരം ഫലപ്രദമായി ഉപയോഗിക്കണമെന്ന്" രൂപതാദ്ധ്യക്ഷൻ സർക്കുലറിലൂടെ (സർക്കുലർ A80/04/21/433 dtd.08/10/2021) ആഹ്വാനം ചെയ്തത് പ്രാവർത്തീകമാക്കുന്നതിന് വചനവായന ധ്യാനിച്ച് പങ്കുവച്ച് പരസ്പരം പ്രചോദിപ്പിക്കാം. കോവിഡാനന്തര കാലയളവിലെ ആത്മീയമായ നവീകരണവും ദൈവാലയങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പുനരുദ്ധാരണവും സാമുഹിക - രാഷ്ട്രീയ മേഖലകളിലെ വളർച്ചയ്ക്കും കഴിവും സമയവും സാധ്യതകളും സമ്പത്തും പങ്കുവച്ച് സിനഡ് അരൂപിയിൽ ചേർന്നുനടക്കാൻ വിചിന്തനം സഹായകമാകട്ടെ.

**വചന വായ** VOX SANT' ANDREA **ണ്ടുപേർ വായിക്കുന്നു. നിശബ്ദമായി ധ്യാനിച്ചതിനുശേഷം സ്വാധീനിച്ച** വാക്യം ഓരോരുത്തരായി പങ്കുവയ്ക്കുക - (എല്ലാവരും ഒരുപ്രാവശ്യം പങ്കുവയ്ക്കുന്നത് ഉചിതം)

**വചന വിശകലനം –** ⋆ ഒരു സമൂഹമായ വിശ്വാസികളുടെ പ്രത്യേകതകൾ ഏവ ? ⋆ സാക്ഷ്യം നൽകിയതാരാണ് അതിന്റെ ഫലം എന്തായിരുന്നു? ദാരിദ്ര്യ ദു:ഖങ്ങൾ മാറിയതെങ്ങിനെ ? ⋆ ബാർണബാസിന്റെ പ്രവർത്തികളിൽ നിന്നുള്ള സന്ദേശമെന്ത്? ⋆ ജൂബിലി - സിനഡ് ഒരുക്കങ്ങളിൽ ആദിമസഭയുടെ പ്രാർത്ഥന, കൂട്ടായ്മ, പങ്കുവയ്ക്കൽ എപ്രകാരമെല്ലാം ആകാമെന്നത് ചർച്ച ചെയ്യാം.

**ചർച്ചയ്ക്കും പ്രവർത്തനങ്ങൾക്കും : സിനഡാത്മക സഭാപ്രവർത്തനം ശുശ്രൂഷാസമിതികളിലൂടെ.**

നവംബർ മാസം സകലാത്മാക്കളുടെയും സ്മരണയിൽ പൂർവികർക്കായി പ്രാർത്ഥനയിൽ പങ്കാളികളായി അവരിലൂടെ ലഭിച്ച നന്മകളെ നിലിനിർത്താം. 'ജൂബിലി സ്മരണികകളിൽ' അപ്രകാരമുള്ളവരുടെ ചരിത്രമുണ്ട്. കഴിഞ്ഞ രൂപതാ പാസ്റ്ററൽ കൗൺസിലിൽ ആത്മീയ, സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക,വിദ്യാഭ്യാസ മേഖലകളിൽ സമർപ്പിതജീവിതത്താൽ ഇടംനേടിയവരെ പരാമർശിച്ചിരുന്നു. ഇനിയും രേഖപ്പെടുത്താത്ത ചരിത്രമുള്ളവരും ഓരോ ഇടവകയിലുമുണ്ട്. ജൂബിലി-സിനഡ് പ്രവർത്തനകാലയളവവിൽ മുമ്പേനടന്ന ചരിത്രങ്ങളിൽ നിന്നുള്ളവരുടെ ഊർജ്ജം സ്വീകരിച്ച് പുതിയ ചരിത്രമാകാൻ കൂട്ടായ പരിശ്രമമാവശ്യമാണ്.

മാർച്ചു മാസത്തിനുമുന്നേ രൂപതാതല സിനഡ് ചർച്ചകൾ പൂർത്തിയാക്കി അത് രേഖകളായി സമർപ്പിക്കേണ്ടതിനാൽ നവംബർ മുതൽ ജനുവരി വരെയുള്ള കാലയളവിൽ ഇടവക - ഫൊറോന തലങ്ങളിൽ ഈ പ്രവർത്തനം നടന്നിരിക്കണം. 17-ാം തീയതി രൂപതാതലത്തിലും എല്ലാ ഇടവകകളിലും ദിവ്യബലിയോടനുബന്ധിച്ച് സിനഡ് ലോഗോ പ്രതിഷ്ഠിച്ചാരംഭിച്ച സിനഡ് ചർച്ചകൾക്ക് ശക്തി പകരാൻ, നൽകപ്പെട്ട പ്രാർത്ഥന എല്ലാ ഇടവകകളിലും കുടുംബങ്ങളിലും ദിനംതോറും നടക്കുന്നുവെന്ന് ഉറപ്പുവരുത്തണം. എല്ലാവരിലേക്കും സിനഡ് ആശയം, ആവേശമായി കടന്നുചെല്ലുന്നതിന് വികാരിയുടെ നേതൃത്വത്തിൽ ആസൂത്രിതമായ പ്രവർത്തനം എല്ലായിടത്തുമുണ്ടാകണം. ഇതിനായുള്ള പ്രവർത്തനങ്ങൾക്ക് വികാരി ജനറലിന്റെ നേതൃത്വത്തിലുള്ളവരുടെ സഹായം തേടാവുന്നതാണ്. ഇടവകയിൽ എല്ലാ മേഖലകളിലുമുള്ള നേതൃത്വത്തിലുള്ളവരെ വിളിച്ചുകൂട്ടിയുള്ള ചർച്ചകളും അനുബന്ധ പ്രവർത്തനങ്ങളും കാര്യക്ഷമമായും സമയബന്ധിതമായും നടത്തുന്നതിനാശ്യമായ നടപടികൾ സ്വീകരിക്കുക.

സിനഡിന്റെ അരൂപിയോട് ചേർന്ന് രൂപത ജൂബിലി വർഷങ്ങളിലൂടെ കടന്നുപോകുമ്പോൾ അത് നന്നായി വിനിയോഗിക്കുവാൻ സഹകരണവും നേതൃത്വവും ഏറ്റെടുക്കാം. പാസ്റ്ററൽ കൗൺസിലിൽ പങ്കുവച്ച നിർദ്ദേശങ്ങൾ ക്രീയാത്മകമായും കാര്യക്ഷമമായും എല്ലായിടത്തും നടപ്പിൽവരുത്തുന്നതിന് ശുശ്രൂഷാ സമിതികളിലൂടെയുള്ള പ്രവർത്തനമാണ് രൂപത ലക്ഷ്യം വയ്ക്കുന്നത്. അതിലേയ്ക്ക് ശുശ്രൂഷാസമിതികളെ ശക്തിപ്പെടുത്തുന്നതിനുള്ള താല്പര്യവും ബോധപൂർവ്വമായ ശ്രമവും ഉയാൽ മാത്രമേ സിനഡ് - ജൂബിലി ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കു.

**ചർച്ചയും പ്രവർത്തനവും:**

1.ഇടവകയിൽ പൂർവികരുടെ ചരിത്രരേഖകൾ ശേഖരിച്ച് പങ്കുവയ്ക്കുക.

2. സിനഡ് ഉദ്ഘാടനവും പ്രവർത്തനങ്ങളും വിലയിരുത്തുക. തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

3. രൂപത ജൂബിലി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലേക്ക് ശുശ്രൂഷാ സമിതികളെ വിലയിരുത്തി ശക്തിപ്പെടുത്താനുള്ള പ്രവർത്തനം തയ്യാറാക്കുക.

*** സ്വയം പ്രേരിത പ്രാർത്ഥന** തുടർന്ന് **സമാപന പ്രാർത്ഥന * മുൻ റിപ്പോർട്ട് വായനയും ശരിവയ്ക്കലും * അറിയിപ്പുകൾ * ബൈബിൾ വന്ദനം** (സ്പർശിക്കാതെയാക്കാം)

**അറിയിപ്പുകൾ** :

1. **അർത്തുങ്കൽ ബസിലിക്ക റെക്ടർ മകരം തിരുനാൾ ഒരുക്കത്തിലേയ്ക്ക് ഏവരേയും ക്ഷണിക്കുന്നു.**

പ്രിയ വൈദികരെ, സന്യസ്തരേ, സഹോദരിസഹോദരന്മാരേ,

നമ്മുടെ രൂപതയെ സംബന്ധിച്ച് സെന്റ് ആൻഡ്രൂസ് ബസിലിക്ക ഒരഭിമാനം തന്നെയാണ്. ലോകമെമ്പാടുമുള്ള ജനങ്ങൾ തങ്ങളുടെ പ്രാർത്ഥനകൾ, സങ്കടങ്ങൾ, ജീവിതപ്രതിസന്ധികൾ എന്നിവ സമർപ്പിച്ച് പ്രാർത്ഥിക്കാനും ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദിയർപ്പിക്കാനും ഈ മഹാ ദൈവാലയത്തിൽ വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥം യാചിച്ചുകൊണ്ട് കടന്നുവരുന്നു. നമ്മൾ എല്ലാവർഷവും അർത്തുങ്കൽ ദൈവാലയത്തിൽ തീർത്ഥയാത്രയായി പോകുന്നവരാണ്. ഈ വർഷത്തെ തിരുനാളിലേയ്ക്കും എല്ലാവരേയും സ്വാഗതം ചെയ്യുന്നു. നവമാധ്യമങ്ങൾക്ക് പ്രാധാന്യമർഹിക്കുന്ന ഈ കാലഘട്ടത്തിൽ അർത്തുങ്കൽ തീർത്ഥാടന ദൈവാലയവും ഈ സാധ്യത കുടുതൽ വിപുലമായി പ്രയോജനപ്പെടുത്താൻ ആഗ്രഹിക്കുന്നു. പ്രധാനമായി രൂപതാതലത്തിൽ അതിനായി ചെയ്യാവുന്നത്, അർത്തുങ്കൽ ദൈവാലയത്തിന്റെ '**ഒഫിഷ്യൽ യൂട്യൂബ്** ചാനൽ' https://youtube.com/channel/UC_zS4apgGxZIRqfgObUIXYA സബ്സ്ക്രൈബ് ചെയ്യിക്കുകയാണ്. രൂപതാകുടുംബത്തിന്റെ ഭാഗമെന്ന നിലയിൽ സഹോദരസ്നേഹത്തോടെ ഓരോരുത്തരോടും ഈയൊരു കാര്യം ആവശ്യപ്പെടുന്നു. ഈ ചാനലിലൂടെ ആയിരിക്കും പ്രധാനദിനങ്ങളിലെ തിരുക്കർമങ്ങളും മറ്റുകാര്യങ്ങളും സംപ്രേഷണം ചെയ്യുന്നത്. തിരുനാൾ ദിനങ്ങളിലെ തത്സമയ സംപ്രേഷണ ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നത് (1) ജനുവരി 5 മുതൽ 9 വരെ **ബഹു. ജോസഫ് പുത്തൻപുരയ്ക്കൽ** അച്ചൻ നയിക്കുന്ന ധ്യാനം (2) പതാക പ്രയാണം (3) കൊടിയേറ്റ് ശുശ്രൂഷ (4) നടതുറക്കൽശുശ്രൂഷ (5) 20-ാം തീയതിയിലെ ശുശ്രൂഷകൾ (6) അഭിവന്ദ്യ പിതാക്കന്മാരുടെ ദിവ്യബലികൾ (7) 27-ാം തീയതിയിലെ ശുശ്രൂഷകൾ. ഫൊറോനയിലെ വൈദികരുടെ അഭ്യർത്ഥന മാനിച്ച്, താൽപര്യമുള്ള ഇടവകകൾക്ക് സൗകര്യംപോലെ ഒരു ദിവ്യബലി അർപ്പിക്കുന്നതിന് സൗകര്യം ലഭ്യമാകുന്നതാണ്. പുതുസാങ്കേതിക വിദ്യകൾ സ്വാധീനം ചെലുത്തുന്ന പുതുതലമുറയ്ക്ക് നവമാധ്യമങ്ങളിലൂടെ ഒരുമിച്ച് വിശ്വാസ പ്രഖ്യാപനം നടത്താൻ, വിശ്വസസാക്ഷ്യമേകാൻ ഏവരെയും മകരം തിരുനാളിന്റെ ഒരുക്കത്തിലേക്ക് ക്ഷണിച്ചുകൊണ്ട്.

- **ഫാ. സ്റ്റീഫൻ ജെ. പുന്നയ്ക്കൽ**, റെക്ടർ & വികാരി, സെന്റ് ആൻഡ്രൂസ് ബസിലിക്ക, അർത്തുങ്കൽ

2. **രൂപത കുടുംബ പ്രേഷിത ശുശ്രൂഷ** - എല്ലാ ശനി- ഞായർ ദിവസങ്ങളിലായി, രണ്ടു ദിവസത്തേക്ക് മാര്യേജ് പ്രിപ്പറേഷൻ കോഴ്സുകൾ നടത്തപ്പെടുന്നു. കോവിഡ് പ്രോട്ടോക്കോളുള്ളതിനാൽ താമസിച്ചുള്ള പരിശീലന പരിപാടികൾ സാധ്യമല്ലാത്തതിനാലാണ് വന്നുപോകുന്ന രീതിയിൽ രാവിലെ 8 മുതൽ വൈകിട്ട് 5.30 വരെ സമയം ക്രമീകരിച്ചുള്ള പരിശീലനകോഴ്സുകളാണ് ഇപ്പോൾ നടത്തപ്പെടുന്നത്. പ്രോട്ടോക്കോൾ നിബന്ധന മാറുന്നതനുസരിച്ച് പഴയ രീതിയിൽ താമസിച്ചുള്ള പരിശീലനപരിപാടികൾ ആരംഭിക്കുന്നതാണ്. * ലത്തീൻ രൂപതകൾ ഒരുമിച്ചുചേർന്ന് കെ.ആർ.എൽ.സി.സി. നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്ന മാര്യേജ് ബ്യൂറോ ആയ R C Matrimonial ന്റെ സേവനം പ്രയോജനപ്പെടുത്തു. വിവരങ്ങൾക്ക് Ministry of Family Apostolate, Karmasadan Pastoral Centre, Alleppey - 688 001- Mob : 9446331929. - Fr. Francis Kodiyanadu, Director.

**3.യുവജ്യോതി – കെ.സി.വൈ.എം.** - ഡിസംബറിൽ ജനറൽ അസംബ്ലി നടത്തുവാനുള്ള ക്രമീകരണത്തിലാണ്. ഇടവകളിൽ കോവിഡു കാലത്ത് യൂണിറ്റുകളിൽ സജീവ പ്രവർത്തനങ്ങൾക്കുണ്ടായിരുന്ന നിയന്ത്രണങ്ങൾ മാറുന്നതിനാൽ അസംബ്ലിയെ മുൻനിർത്തി ഓരോ യൂണിറ്റും സജീവമാക്കാൻ ചുമതലപ്പെട്ട ഭാരവാഹികൾ ശ്രദ്ധിക്കുക. * ഡിസം. 5 ന് ഓരോ ഇടവകയിൽ നിന്നും രണ്ടുപേർക്ക് പങ്കെടുക്കാവുന്ന രീതിയിൽ ലീഡർഷിപ്പ് പ്രോഗ്രാം ക്രമീകരിക്കുന്നു. കുടുതൽ വിവരങ്ങൾക്ക് രൂപതാ ഡയറക്ടറുമായി ബന്ധപ്പെടുക. - Fr. Judo Moopasseril, Director.

**4.കെ.എൽ.സി.എ.** കോവിഡുകാലയളവിലും സമുദായ ശാക്തീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായിരുന്നു. ഇടവക തലത്തിൽ യൂണിറ്റ് ഇലക്ഷൻ ഏകീകരിക്കുന്നതിലേക്ക് നവംബർ 15നകം അംഗത്വം നൽകലും പുതുക്കലും നിയമാനുസൃതം നടത്തിയിരിക്കണം. ഡിസംബർ 31 നകം യൂണിറ്റ് ഡയറക്ടറുടെ അറിവോടെ, രൂപതാ സമിതിയെ അറിയിച്ച് രൂപതാപ്രതിനിധികളുടെ സാന്നിധ്യത്തിൽ യൂണിറ്റുതല ഇലക്ഷൻ പൂർത്തീകരിച്ചിരിക്കണം. അപ്രകാരം യൂണിറ്റ് ഇലക്ഷൻ സമയബന്ധിതമായി നടപ്പിൽവരുത്താത്ത യൂണിറ്റുകൾക്ക് രൂപതാസമിതിയിലേക്കുള്ള തിരഞ്ഞെടുപ്പിന് അവസരം ഉണ്ടായിരിക്കുന്നതല്ല.

**5.ജെയിൽ മിനിസ്ട്രിയിൽ** ചേർന്നു പ്രവർത്തിക്കാൻ താല്പര്യമുള്ളവർ ഇടവക വികാരിമുഖേന രൂപതാകേന്ദ്രവുമായി ബന്ധപ്പെടുക. - Fr. Johnson Puthenveettil, Director.

# ST. ANDREW’S BASILICA BCC,
# MONTH: November, 2021

| BCC No. | ANIMATORS | DATE | BCC No. | ANIMATORS | DATE |
|---|---|---|---|---|---|
| A-1 | Antachan | 3/11 | B-1 | Amar | 12/11 |
| A-2 | Sebastian | 3/11 | B-2 | Sunil | 12/11 |
| A-3 | Augustine | 3/11 | B-3 | Joy | 12/11 |
| A-4 | Joseline | 3/11 | B-4 | Augustine | 12/11 |
| A-28 | Joy | 4/11 | B-5 | Antachan | 15/11 |
| A-5 | Xavier | 4/11 | B-6 | Joseline | 15/11 |
| A-6 | Josukuttan | 4/11 | B-7 | Seasth | 15/11 |
| A-7 | Amar | 4/11 | B-8 | Jolly Amar | 15/11 |
| A-8 | Sunil | 5/11 | B-9 | Xavier | 16/11 |
| A-9 | Seasth | 5/11 | B-10 | Amar | 16/11 |
| A-10 | Antachan | 5/11 | B-11 | Sebastian | 16/11 |
| A-11 | Jolly Amar | 5/11 | B-12 | Joy | 16/11 |
| A-12 | Sebastian | 8/11 | B-13 | Josukuttan | 17/11 |
| A-13 | Augustine | 8/11 | B-14 | Sunil | 17/11 |
| A-14 | Joseline | 8/11 | B-15 | Joseline | 17/11 |
| A-15 | Joy | 8/11 | B-16 | Seasth | 17/11 |
| A-16 | Xavier | 9/11 | B-17 | Antachan | 18/11 |
| A-17 | Josekuttan | 9/11 | B-18 | Augustine | 18/11 |
| A-18 | Amar | 9/11 | B-19 | Xavier | 18/11 |
| A-19 | Sunil | 9/11 | B-20 | Jolly Amar | 18/11 |
| A-20 | Jolly Amar | 10/11 | B-21 | Josukuttan | 19/11 |
| A-21 | Seasth | 10/11 | B-22 | Joseline | 19/11 |
| A-22 | Joseline | 10/11 | B-23 | Joy | 19/11 |
| A-23 | Joy | 10/11 | B-24 | Sunil | 19/11 |
| A-24 | Augustine | 11/11 | B-25 | Seasth | 22/11 |
| A-25 | Antachan | 11/11 | B-26 | Sebastian | 22/11 |
| A-26 | Xavier | 11/11 | B-27 | Augustine | 22/11 |
| A-27 | Josekuttan | 11/11 | | | |